**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1898** **06.02.2019 ൽ മറുപടിക്ക്**

**ഫ്ലക്സ് പരസ്യങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.സുരേഷ് കുറുപ്പ്** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |

| | | |
|---|---|---|
| എ) | ഫ്ലക്സ് പരസ്യങ്ങൾ നിയന്ത്രിക്കുന്നതിനും ഫ്ലക്സിന്റെ പുന:ചംക്രമണം ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | 06.11.2014 ലെ സ.ഉ.(കൈ) നം.195/2014/ത.സ്വ.ഭ.വ. പ്രകാരം പുനരുപയോഗിക്കുവാൻ സാധിക്കാത്തതും ആരോഗ്യ-പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നതുമായ പി.വി.സി. നിർമ്മിത ഫ്ളക്സുകളുടെ ഉപയോഗത്തിന് സംസ്ഥാനത്ത് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടും 27.10.2015-ലെ സ.ഉ.(സാധാ)നം.3185/2015/തസ്വഭവ നമ്പർ പ്രകാരം പി.വി.സി. ഫ്ളക്സിനു പകരം പോളി എഥിലീൻ നിർമ്മിത വസ്തുക്കളോ അതേ പോലുള്ള മറ്റ് വസ്തുക്കളോ ഉപയോഗിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ പരിപാടികളുടെ പരസ്യത്തിനായി ഫ്ളക്സ് ബോർഡുകളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് 14.02.2018-ൽ സി.2/274/2017/ഐ.&പി.ആർ.ഡി. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഫ്ളക്സ് നിരോധനത്തിന്റെ പ്രായോഗികത സംബന്ധിച്ച് തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി (നിയമവകുപ്പ്), വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ, എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ എന്നിവർ അംഗങ്ങളായി നിയോഗിച്ച സമിതിയുടെ ശുപാർശകൾ നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചു വരുന്നു. പി.വി.സി. ഫ്ളക്സ് നിരോധിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08.05.2018-ൽ നടന്ന സർവ്വകക്ഷി യോഗത്തിൽ തീരുമാനിച്ചതു പ്രകാരം പി.വി.സി. ഫ്ളക്സിനെ സംബന്ധിച്ചും അവയുടെ |

| | | |
|---|---|---|
| | | ദൂഷ്യവശങ്ങളെക്കുറിച്ചും വിശദമായ ഒരു ലഘുലേഖ തയ്യാറാക്കി സർവ്വകക്ഷി യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾക്ക് വിതരണം ചെയ്യുത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെ ബ്സൈറ്റിൽ അപ് ലോഡ് ചെയ്തിട്ടുമുണ്ട്. ഫ്ലക്സ് നിരോധനം സംബന്ധിച്ച് നിയമ വകുപ്പിന്റെ ഉപദേശം ആരായുകയും അനുകൂല മറുപടി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികളും സ്വീകരിച്ചുവരുന്നു. |
| ബി) | സർക്കാർ പരസ്യങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ? | ബി) സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾ നടത്തുന്ന പരിപാടികളുടെ പരസ്യത്തിനായി ഫ്ലക്സ് ബോർഡുകളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കേണ്ടതാണെന്ന് 14.02.2018 ലെ സി2/ 274/ 2017/ ഐ.&പി.ആർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ സർക്കാർ പരിപാടികളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് പ്രകൃതി സൗഹൃദമാക്കുന്നതിന് 05.10.2017-ലെ സ.ഉ.(സാധാ)നം.3214/ 2017/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരവും 04.09.2018-ലെ സ.ഉ.(സാധാ)നം.5784/ 2018/ പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരവും, സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

Danya M.J.
സെക്ഷൻ ഓഫീസർ